"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൻ കീഴിൽ കളക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. മുഹമ്മദ് മുക്താർ കെ. യ്ക്ക് പ്രവേശന സമയം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2628/2024/RD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:-

1. 28.06.2000 ലെ 5966/Adv C3/2000/P&ARD നമ്പർ പരിപത്രം.
2. 28.10.2020 ലെ സ. ഉ. (അച്ചടി) നം. 15/2020/ഉ.ഭ.പ.വ.
3. മലപ്പുറം ജില്ലാ കളക്ടറുടെ 07.05.2024 ലെ DCMPM/13725/2022-A9 നമ്പർ നടപടിക്രമം.
4. ശ്രീ. മൂഹമ്മദ് മുക്താർ കെ. 24.05.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07.06.2024, 08.10.2024 എന്നീ തീയതികളിലെ എൽ.ആർ/2757/2024-എൽ ആർ(എൻ3) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പരാമർശം (3) പ്രകാരം നിയമനം ലഭിച്ച മലപ്പുറം ജില്ലയിൽ അരൂർ, ഒളവട്ടൂർ (പി.ഒ), കാട്ടത്തൊടി ഹൗസിൽ ശ്രീ.മുഹമ്മദ് മുക്താർ കെ., സിവിൽ പോലീസ് ഓഫീസർ പരിശീലനം പൂർ ത്തിയാക്കുന്നതിനായി, ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം നിയമന ഉത്തരവ് തീയതിയായ 2024 മെയ് 7 മുതൽ ആറ് മാസത്തേയ്ക്ക്ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മൂഹമ്മദ് മുക്താർ കെ., മലബാർ സ്പെഷ്യൽ പോലിസിൽ 30.10.2023 മുതൽ ഒമ്പത് മാസത്തെ പോലീസ് പരിശീലനത്തിലാണെന്ന് മലബാർ സ്പെഷ്യൽ പോലീസ് കമാണ്ടന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാനെ 12.09.2024 ന് പോലീസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുമുണ്ട്.

3. മേൽ സാഹചര്യത്തിൽ, റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. മുഹമ്മദ് മുക്താർ കെ. യ്ക്ക്, സേവനത്തിൽ

പ്രവേശിക്കുന്നതിനുള്ള സമയം നിയമന ഉത്തരവ് തീയതിയായ 07.05.2024 മുതൽ 12.09.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

4. ശ്രീ. മുഹമ്മദ് മുക്താർ കെ. യുടെ സീനിയോറിറ്റി KS&SSR ഭാഗം രണ്ട് ചട്ടം 27(സി) യുടെ ഒന്നാം പ്രൊവിസോ പ്രകാരം നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ശ്രീ.മുഹമ്മദ് മുക്താർ കെ., കാട്ടത്തൊടി ഹൗസ്, അരൂർ, ഒളവട്ടൂർ (പി.ഒ),
മലപ്പുറം - 673 638
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/176/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 04-11-2024 17:14:15

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്